# 124. റെഡ്ഡിയും ദേസായിയും

ബോംബെയിലെ പ്രസിദ്ധനല്ലാത്ത ഒരു പത്രപ്രവർത്തകൻ, ശ്രീ അരുൺഗാന്ധി, 'ജനതാഗവണ്മെന്റിന്റെ ഉയർച്ചയും വീഴ്ചയും' (റൈസ് ആൻഡ് ഫാൾ ഓഫ് ജനതാഗവണ്മെന്റ്) എന്ന പേരിൽ ഒരു പുസ്തകം ഇംഗ്ലീഷിൽ എഴുതിയുണ്ടാക്കി. തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിക്കു നേരിട്ട പരാജയത്തെത്തുടർന്ന് 1977—ൽ നിലവിൽവന്ന ജനതാ ഗവണ്മെന്റിൽ പ്രധാനമന്ത്രിയായിരുന്ന ശ്രീ മൊറാർജി ദേസായിയുടെ അക്കാലത്തെ നിലപാടു സാധൂകരിക്കുന്നതിനും, ആ ഗവണ്മെന്റിന്റെ ഹ്രസ്വമായ വാഴ്ചയിലെ ഗുരുതരമായ തകരാറുകൾക്കും അതിന്റെ ത്വരിതമായ വീഴ്ചയ്ക്കും ഉത്തരവാദി ശ്രീ ദേസായിയല്ലെന്നു സ്ഥാപിക്കുന്നതിനും ഉദ്ദേശിച്ചെഴുതിയതാണ് ഈ പുസ്തകമെന്നു പറയപ്പെടുന്നു. ഈ സെപ്റ്റംബർ മാസത്തിൽ നടത്താനിരുന്ന ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം അനിശ്ചിതകാലത്തേക്കു നീട്ടിവെച്ചിരിക്കുകയാണ്. അതിനാൽ, അതിന്റെ ഉള്ളടക്കം എന്തെന്ന് ഉടൻ പൂർണമായി മനസ്സിലാക്കുക അസാദ്ധ്യം. പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ട എന്തെങ്കിലും വിവരങ്ങൾ ആ പുസ്തകത്തിലുണ്ടാവുമെന്ന പ്രതീക്ഷയും ആർക്കുമില്ല.

എങ്കിലും, പിറക്കുംമുമ്പ് ഈ പുസ്തകം ഇന്ത്യയിലാകെ ചർച്ചാവിഷയമായി. പാർലമെന്റിന്റെ രണ്ടു സഭകളിലും വികാരഭരിതങ്ങളായ ചർച്ചകൾക്കും പ്രകടനങ്ങൾക്കും അതു കളമൊരുക്കി. പുസ്തകത്തിൽ ഉദ്ധരിച്ചു ചേർത്തിരുന്ന ശ്രീ സഞ്ജീവറെഡ്ഡിയുടേയും ശ്രീ മൊറാർജി ദേസായിയുടേയും കത്തുകളാണ് പാർലമെന്റ് അംഗങ്ങളുടെ വികാരവിക്ഷോഭത്തെ ഇളക്കിവിട്ടത്. ബോംബെയിലെ ഒരു മാസിക, ഈ പുസ്തകത്തിൽനിന്ന് ഈ കത്തുകൾ പകർത്തി പ്രസിദ്ധീകരിച്ചിരുന്നു. ഈ മാസികയിൽനിന്നാണ് ഈ കത്തുകളെപ്പററി പൊതുജനങ്ങൾ മനസ്സിലാക്കിയത്.

രാഷ്ട്രപതി (പ്രസിഡണ്ട്) എന്ന നിലയിൽ ശ്രീ സഞ്ജീവറെഡ്ഡി, പ്രധാനമന്ത്രിയായിരുന്ന ശ്രീ ദേസായിക്ക് അയച്ചതാണ് ഇവയിലൊരു കത്ത്. ഇപ്പോഴും പ്രസക്തിയുള്ള, ശാശ്വതമായ പൊതുപ്രാധാന്യമുള്ള, കാര്യങ്ങളൊന്നും ഈ കത്തിൽ അടങ്ങിയിട്ടുള്ളതായി, കിട്ടിയ അപൂർണ്ണമായ അറിവുവെച്ചു നോക്കുമ്പോൾ, തോന്നുന്നില്ല. എന്നാൽ, ശ്രീ ദേസായിയുടെ സ്വഭാവശുദ്ധിയിൽ കളങ്കം ചേർക്കുന്നവയും, ഇന്ത്യയുടെ പ്രധാനമന്ത്രിപദംപോലെയുള്ള ഉത്തരവാദപ്പെട്ട ഒരു സ്ഥാനം വഹിക്കുന്നതിന് അദ്ദേഹം തികച്ചും അയോഗ്യനാണെന്നു സ്ഥാപിക്കുന്നവയുമായ പരാമർശങ്ങൾ ആ കത്തിലുണ്ട്. ശ്രീ മൊറാർജി പ്രധാനമന്ത്രിയായിരിക്കെ, അദ്ദേഹത്തിന്റെ മുഖ്യ സെക്രട്ടറിയായിരുന്ന ശ്രീ വി. ശങ്കർ, മൊറാർജിയുടെ മകനായ ശ്രീ കാന്തിദേസായി എന്നിവർ നടത്തിയ ചില അഴിമതികളെപ്പററിയാണ് ഈ പരാമർശങ്ങൾ. ശ്രീ കാന്തിദേസായി വിദേശങ്ങളിൽ ചെന്നു ചൂതു കളിച്ചു വരുത്തിയ നഷ്ടത്തെപ്പററിയും, ആ നഷ്ടം നികത്താൻ, പ്രധാനമന്ത്രിയുടെ പേരു് ഉപയോഗിച്ച് അദ്ദേഹം ഇന്ത്യയിൽ പലരിൽനിന്നും കോഴ വാങ്ങിയിരുന്നതിനെപ്പററിയും ശ്രീ റെഡ്ഡി ഈ കത്തിൽ പറയുന്നു. തന്റെ മകന്റെയും സെക്രട്ടറിയുടെയും അനാശാസ്യനടപടികളെ ശ്രീ മൊറാർജി നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത പലകുറി നേരിട്ടു താൻ ഉദ്ബോധിപ്പിച്ചിട്ടും ശ്രീ മൊറാർജി അതൊന്നും ശ്രദ്ധിക്കാത്തതിൽ തനിക്കുള്ള ഖേദം ശക്തിയാ

യിത്തന്നെ ഈ കത്തിൽ ശ്രീ സഞ്ജീവറെഡ്ഡി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനു് ശ്രീ മൊറാർജി അയച്ച മറുപടിയാകട്ടെ, വെറും ഞഞ്ഞമിഞ്ഞ യിൽ കവിഞ്ഞ ഒന്നുമല്ല. കത്തുകൾ രണ്ടും വായിച്ചുകഴിഞ്ഞാൽ, ശ്രീ മൊറാർജിയോടു് അല്പമെങ്കിലും ആദരം മുമ്പു തോന്നിയിരുന്ന ആർക്കും അതു് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുമെന്നതിൽ യാതൊരു സംശയവു മില്ല.

ഏററവും ആശ്ചര്യകരമായ വസ്തുത, അത്യന്തം രഹസ്യമായ ഈ കത്തിടപാടു് ശ്രീ അരുൺഗാന്ധിക്കു നൽകിയതു് ശ്രീ മൊറാർജി ദേസാ യിയല്ലാതെ മററാരുമല്ല എന്നതാണു്. ഒന്നും അറിയാത്ത ഒരു കൊച്ചുകുട്ടി യെപ്പോലെ, ശ്രീ മൊറാർജി ദേസായി സ്വന്തം കൈകൊണ്ടു സ്വന്തം മലം വാരി തന്റെതന്നെ മുഖത്തു പൂശിയിരിക്കുന്നു. പ്രധാനമന്ത്രിയെന്ന നിലയിൽ തന്റെ പരാജയത്തിനു കാരണം, അന്നു പ്രസിഡണ്ടായിരുന്ന ശ്രീ സഞ്ജീവറെഡ്ഡിക്കു തന്നോടുണ്ടായിരുന്ന വ്യക്തിപരമായ വൈരാഗ്യ മാണെന്നു സ്ഥാപിക്കുകയായിരുന്നു ശ്രീ ദേസായിയുടെ ലക്ഷ്യം. ശ്രീ റെഡ്ഡിയോടുള്ള ക്രോധം നിമിത്തം, രഹസ്യമായ ഔദ്യോഗിക കത്തിട പാടുകൾ പ്രസിദ്ധപ്പെടുത്തുന്നതു് നിലവിലുള്ള നിയമത്തിനെതിരാണെ ന്നും, ഒരു മുൻപ്രധാനമന്ത്രി ഒരിക്കലും അതു ചെയ്യരുതെന്നും, ശ്രീ ദേസായി ആലോചിച്ചില്ല. മാത്രമല്ല, ശ്രീ റെഡ്ഡിയുടെ ആരോപണങ്ങളെ വസ്തുത കൾ നിരത്തി നിഷേധിക്കാൻ തനിക്കു കഴിഞ്ഞിട്ടില്ലെന്ന സംഗതിയും ശ്രീ ദേസായി മറന്നുപോയി. സ്വയം അഴിമതി ചെയ്തിട്ടുണ്ടായിരിക്ക യില്ലെങ്കിൽക്കൂടി, ശ്രീ ദേസായി പ്രധാനമന്ത്രിയെന്ന നിലയിൽ തന്റെ മകന്റെയും മുഖ്യസെക്രട്ടറിയുടെയും അഴിമതികൾ അറിഞ്ഞുകൊണ്ടു് അനുവദിക്കുകയും, അന്യർ അവ ചൂണ്ടിക്കാണിക്കുമ്പോൾ അസഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്തുപോന്നു എന്നു് ഈ കത്തിടപാടുകൾ വ്യക്തമാ ക്കുന്നു. ശ്രീ ദേസായി ഈ പ്രകടമായ പരമാർത്ഥം കാണാതെപോയതു് അത്ഭുതമായിരിക്കുന്നു.

'ക്രോധാൽ ഭവതി സമ്മോഹഃ
സമ്മോഹാൽ സ്മൃതി വിഭ്രമഃ
സ്മൃതിഭ്രംശാൽ ബുദ്ധിനാശോ
ബുദ്ധിനാശാൽ പ്രണിശ്യതി'

എന്നു് ഗീതയിൽ വിവരിക്കുന്ന, ക്രോധത്തിന്റെ ഫലമായ ബുദ്ധി നാശം, ഈ മുതിർന്ന സ്വാതന്ത്ര്യപ്പോരാളിക്കു നേരിട്ടതിൽ അനുകമ്പ തോന്നാത്തവർ ഇന്ത്യയിൽ ഏറെയുണ്ടാവില്ല. ഇന്ദിരാഭരണത്തിനു ഫല പ്രദമായ ഒരു വികല്പം നിലവിൽ വരാതിരുന്നതിനുള്ള ഉത്തരവാദിത്തം ശ്രീ ദേസായി, ശ്രീ ചരൺസിംഗ്, ശ്രീ ജഗജീവൻറാം എന്നീ മൂന്നു വൃദ്ധന്മാർക്കിടയിൽ പങ്കിട്ടു നൽകേണ്ടതാണെന്നും, ഇവർ നേതൃത്വം വഹിക്കുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനവും വിജയിക്കുകയില്ലെന്നും ഇന്ത്യ യിൽ പരക്കെ നിലവിലുള്ള ധാരണ ഒരിക്കൽക്കൂടി പ്രബലപ്പെടുത്തുവാ നാണു് ശ്രീ ദേസായിയുടെ അവിവേകം ഇപ്പോൾ ഉപകരിച്ചിട്ടുള്ളതു്.

മന്ത്രിസഭയിൽ അംഗമായിരിക്കെത്തന്നെ ശ്രീ ദേസായി അമേരി ക്കൻ രഹസ്യപ്പോലീസിന്റെ ചാരനായി പ്രവർത്തിച്ചു്, അതിനുള്ള പ്രതിഫലം അമേരിക്കൻ സർക്കാരിൽനിന്നു രൊക്കമായി വാങ്ങിയിരു ന്നുവെന്നും, ബംഗ്ലാദേശിൽ വിമോചനസമരം നടന്നിരുന്ന കാലത്തു് ഇന്ത്യ പടിഞ്ഞാറൻ പാകിസ്ഥാനിൽ ആക്രമണം നടത്താനുദ്ദേശിക്കുന്ന തായി അമേരിക്കൻ ഗവണ്മെൻറിനെ അദ്ദേഹം തെററിദ്ധരിപ്പിച്ചുവെന്നു മുള്ള ആരോപണത്തിനെതിരെ അമേരിക്കയിൽ കേസ്സുനടത്താൻ യത്നി ച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണു്, ഇന്ത്യയിൽ തന്റെ തലസ്ഥ

പുറമേ ഈ കടന്നൽക്കൂട്ട് ശ്രീ ദേസായി സ്വയം ഇളക്കിവിട്ടിട്ടുള്ളതെന്നും ഓർക്കേണ്ടതാണ്.

അപവാദപ്രാധാന്യം നീക്കിനിർത്തിയാൽ, പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ ഈ കത്തിടപാടിൽനിന്ന് ഉയർന്നുവരുന്നുണ്ട്. ഇന്ത്യയിൽ രാഷ്ട്രപതിയുടെ പദവിയെന്താണ്? രാഷ്ട്രപതിയും പ്രധാനമന്ത്രിയും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധമെന്ത്? രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും ഇടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നുവന്നാൽ, ഭരണഘടനാവിധേയമായി അംഗീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതെല്ലാം? ഇത്തരം അടിസ്ഥാനപരങ്ങളായ പ്രശ്നങ്ങളെപ്പററി ഉദ്ബുദ്ധമായും വ്യാപകമായും ചർച്ചനടത്താൻ റെഡ്ഡി—ദേസായി സംവാദം ഉപകരിക്കുമെങ്കിൽ, തീർച്ചയായും ഈ നാണക്കേടിനും ഒരു സദ്ഫലമുണ്ടായി എന്നു കരുതാം.

ഭരണഘടനാപ്രകാരം ഇന്ത്യൻ യൂണിയൻഗവണ്മെൻറിൻെറ തലവൻ രാഷ്ട്രപതിയാകുന്നു. ഭരണനിർവഹണം സംബന്ധിച്ച എല്ലാ അധികാരവും രാഷ്ട്രപതിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇന്ത്യൻ ജനതയാണ് രാഷ്ട്രപതിയെ, സ്വന്തം പ്രതിനിധികൾ മുഖേന, തെരഞ്ഞെടുക്കുന്നത്.

പക്ഷേ, നേരിട്ടല്ല, പാർലമെൻറിനോട് ഉത്തരവാദപ്പെട്ട മന്ത്രിസഭയിലൂടെയാണു സാധാരണ അവസരങ്ങളിൽ, രാഷ്ട്രപതി തൻെറ അധികാരങ്ങൾ പ്രയോഗത്തിൽ വരുത്തുന്നത്. ഇതിനർത്ഥം, തെററന്നു തനിക്കു തോന്നുന്ന കാര്യങ്ങൾ മന്ത്രിസഭയോ, പ്രധാനമന്ത്രിയോ ചെയ്യുമ്പോൾ, രാഷ്ട്രപതി അതിനു വഴങ്ങിക്കൊള്ളണമെന്നല്ല.

ജവാഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നകാലത്തോളം, രാഷ്ട്രപതിയും പ്രധാനമന്ത്രിയും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായപ്പോഴെല്ലാം നടപ്പിൽ വന്നത് ഏറെക്കുറെ പ്രധാനമന്ത്രിയുടെ ഇച്ഛതന്നെയായിരുന്നു. അക്കാലത്തെ രാഷ്ട്രപതിമാർക്ക് പ്രധാനമന്ത്രിയോടുണ്ടായിരുന്ന വ്യക്തിപരമായ ആദരമാണ് ഇതിനു കാരണം. അങ്ങനെ, രാഷ്ട്രപതി മന്ത്രിസഭയുടെ 'റബർസ്റ്റാമ്പ്' മാത്രമാണെന്ന ധാരണ സ്വതന്ത്ര ഇന്ത്യയിൽ ആദ്യകാലത്തുതന്നെ വേരുറച്ചു.

നെഹ്റുവിൻെറ കാലശേഷം, ലാൽ ബഹാദൂർ ശാസ്ത്രി പ്രധാനമന്ത്രിയായിരുന്ന ഹ്രസ്വകാലത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും തമ്മിൽ അഭിപ്രായവ്യത്യാസം ഉളവാകേണ്ട സന്ദർഭംതന്നെ ഉണ്ടായില്ല. രാഷ്ട്രപതിമാർ തനിക്കു വിധേയരായിരുന്നപ്പോൾ മാത്രമല്ല, രാഷ്ട്രപതി സ്ഥാനം മറെറാരു പാർട്ടിയിൽപ്പെട്ട ഒരാളിൽ നിക്ഷിപ്തമായിരുന്നപ്പോഴും, രാഷ്ട്രപതിമാരുമായി പ്രകടമായ ഉരസൽ ഉണ്ടാകാതെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള തൻേറടം ഇന്ദിരാഗാന്ധിക്കുണ്ടായിരുന്നുതാനും.

അരവും അരവുംപോലെ തമ്മിലുരസി അസ്വരസം സൃഷ്ടിച്ചത്, ശ്രീ റെഡ്ഡിയും ശ്രീ ദേസായിയുമാണ്. ഈ മത്സരത്തിൽ ന്യായം ശ്രീ സഞ്ജീവറെഡ്ഡിയുടെ ഭാഗത്താണെന്നും, പ്രധാനമന്ത്രിയുടെ ഗൗരവാവഹങ്ങളായ വീഴ്ചകളെ സത്യസന്ധമായും സദുദ്ദേശ്യത്തോടെയും ചൂണ്ടിക്കാട്ടുന്നതിന് രാഷ്ട്രപതിക്കു ഭരണഘടന നൽകുന്നതും ധാർമികവുമായ കർത്തവ്യം അദ്ദേഹം ഉപയോഗപ്പെടുത്തുകയേ ചെയ്തിട്ടുള്ളവെന്നും, മുൻധാരണകൾ കൂടാതെ ഈ വാദപ്രതിവാദത്തെ സമീപിക്കുന്ന ആർക്കും ബോദ്ധ്യമാകും. മറിച്ച് ശ്രീ ദേസായിയുടെ അഹന്തയും പുണ്യനാട്യവും വാശിയും ധിക്കാരവും ഹ്രസ്വവീക്ഷണവും ആരെയും അമ്പരപ്പിക്കുകയുംചെയ്യും. ഇത്തരമൊരു അയോഗ്യൻെറ കൈയിലാണല്ലോ, ഒരു നിർണായകഘട്ടത്തിൽ, രാജ്യത്തിൻെറ ചുക്കാൻ നാം ഏല്പിച്ചുകൊടുത്തത്!

(1 സെപ്തംബർ, 1983)